## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : പി.കെ.കേശവൻ ഐ.എഫ്.എസ്**

വിഷയം: വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - കോട്ടൂർ എലിഫന്റ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക പുനർവിന്യസിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. 26.05.2018-ലെ G.O.(MS)-212/2018/F&WLD നമ്പർ സർക്കാർ ഉത്തരവ്.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24.07.2018-ലെ ഇ7-26303/18 നമ്പർ ഉത്തരവ്.
3. കോട്ടൂർ എലിഫന്റ് റീഹാബിലിറ്റേഷൻ സെന്റർ & പുത്തൂർ സുവോളജിക്കൽ പാർക്ക് സ്പെഷ്യൽ ഓഫീസറുടെ 02.09.2019-ലെ സ്പെഷ്യൽ ഓഫീസർ-02/18 നമ്പർ കത്ത്.
4. എച്ച്.ആർ.ഡി വിഭാഗം ഫോറസ്റ്റ് കണസർവേറ്ററുടെ 05.09.2019-ലെ Trg.2-2492/19 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ7-5485/19 തീയതി 13.11.2019**

വനം വകുപ്പിലേക്ക് പത്ത് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചു കൊണ്ടുളള സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച മൂന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് സൂചന (2) ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

കോട്ടൂർ എലിഫന്റ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക അനുവദിക്കുന്നതിന് കോട്ടൂർ എലിഫന്റ് റീഹാബിലിറ്റേഷൻ സെന്റർ സ്പെഷ്യൽ ഓഫീസർ സൂചന (3) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകൾ അത്യന്താപേക്ഷിതമാണെന്ന് സൂചന (4) പ്രകാരം എച്ച്.ആർ.ഡി വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്.

ടി ശുപാർശ പരിശോധിച്ചതിൽ അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് സൂചന (2) പ്രകാരം അനുവദിച്ച മൂന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക കോട്ടൂർ എലിഫന്റ് റീഹാബിലിറ്റേഷൻ സെന്ററിലേക്കും രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കും പുനർവിന്യസിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക കോട്ടൂർ എലിഫന്റ് റീഹാബിലിറ്റേഷൻ സെന്ററിലേക്കും രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കും പുനർവിന്യസിച്ചുകൊണ്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ആയ പി.കെ.കേശവൻ ഐ.എഫ്.എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

13/11/19

പി.കെ.കേശവൻ ഐ.എഫ്.എസ്,
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

To

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം.
3. ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്), തിരുവനന്തപുരം.
4. ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി), തിരുവനന്തപുരം.
5. സ്പെഷ്യൽ ഓഫീസർ, കോട്ടൂർ എലിഫന്റ് റീഹാബിലിറ്റേഷൻ സെന്റർ.
6. ഡയറക്ടർ, അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്.
7. ഡയറക്ടർ, വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്.

പകർപ്പ്: ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി), തിരുവനന്തപുരം, വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.